# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/710/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: KSA/ALP/BP/710/2022 തീയ്യതി: 12/07/2022

## ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ . ജി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.മനേഷ്കുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ബിജു കൊല്ലശ്ശേരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീജിത്ത് .ജി.പി | സെക്രട്ടറി | 01-04-2019 | 20-06-2019 |
| ഐറിൻ ഗോമസ് | സെക്രട്ടറി | 21-06-2019 | 28-06-2019 |
| എസ്.ദീപു | സെക്രട്ടറി | 29-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എലിസബത്ത് ഡാനിയേൽ | അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ അഗ്രിക്കൾച്ചർ | 01-04-2019 | 31-03-2020 |
| രേഖ.എ.വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2019 | 22-04-2019 |
| സുനിൽ.ആർ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 23-04-2019 | 31-03-2020 |
| ശരവണേശ്വരൻ.എൽ.ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 16-11-2019 |
| ജയശ്രീ.ആർ | അസിസ്റ്റന്റ് എൻജിനീയർ | 16-11-2019 | 31-03-2020 |
| ശ്രീരശ്മി.യു | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 15-10-2019 |
| മിനി എബ്രഹാം | പട്ടികജാതി വികസന ഓഫീസർ | 16-10-2019 | 27-10-2019 |
| സനിത.എൽ | പട്ടികജാതി വികസന ഓഫീസർ | 28-10-2019 | 31-03-2020 |
| റേച്ചൽ ഡേവിഡ് | ശിശു വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ജയൻ.ആർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 16-11-2019 |
| ഉണ്ണികൃഷ്ണൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 17-11-2019 | 19-01-2020 |
| ഷെബിൻ. എംബി. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 15-05-2022) | 1-7 |
| 9 | കാഷ് പരിശോധന<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 15-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-9 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-ജീവനക്കാരുടെ സേവനവിവരങ്ങൾ സൂക്ഷിക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-10 |
| 12 | പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,140/-രൂപ അധികം നൽകി<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-11 |
| 13 | പത്രപ്പരസ്യം നിർദ്ദിഷ്ട വിൻഡോ മാതൃകയിലല്ല- 2,923 രൂപ അധികം നൽകി<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-12 |
| 14 | സാക്ഷരത തുല്യതാ പഠന പദ്ധതി രേഖകൾ ഹാജരാക്കിയില്ല 1,49,400/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-13 |
| 15 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 97ാം നം അങ്കണവാടി സ്മാർട്ടാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിയത് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-14 |

| | | |
|---|---|---|
| | സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | |
| 16 | രേഖകൾ ഹാജരാക്കിയില്ല- കൺസൽട്ടൻസി ചാർജ്ജ് 43,985/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-15 |
| 17 | ചെറുതന പി.എച്ച്.സി.യിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ -നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-16 |
| 18 | ഐ.കെ.എം.ന് തുക അടവാക്കൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 48,442/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 02-07-2022) | 1-17 |
| 19 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-രേഖകൾ ഹാജരാക്കിയില്ല. 1,55,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-18 |
| 20 | ആറാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക്, ഇൻസിനേറ്റർ, അലമാര എന്നിവ വാങ്ങി നൽകൽ- അപാകതകൾ സംബന്ധിച്ച്<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-19 |
| 21 | പടന്നയിൽ കൊച്ചുപുഴ റോഡ് നിർമ്മാണം അപാകതകൾ - നഷ്ടം-3,112/-<br>Written By: P.Sabu (Audit Officer (HG), On 19-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-20 |
| 22 | ബ്ലോക്ക് ഓഫീസ് നിർമ്മാണം - അപാകതകൾ- നഷ്ടം-2917/- രൂപ<br>Written By: P.Sabu (Audit Officer (HG), On 19-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-21 |
| 23 | പൊളിച്ചു മാറ്റിയ പാറ പുനരുപയോഗിച്ചില്ല -നഷ്ടം-2,243/-രൂപ<br>Written By: P.Sabu (Audit Officer (HG), On 19-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-22 |
| 24 | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് -W-9-അമ്മൂമ്മ ക്ഷേത്രത്തിന്റെ കിഴക്കുവശം വടക്കേപ്പറമ്പിൽ കാണ നിർമ്മാണം-അപാകതകൾ- നഷ്ടം-45,098/-രൂപ<br>Written By: P.Sabu (Audit Officer (HG), On 19-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-23 |
| 25 | വിവിധ അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ (S- 0065/20) - അപാകതകൾ-കേന്ദ്രഫണ്ടിന് നഷ്ടം- 7,397/- രൂപ<br>Written By: P.Sabu (Audit Officer (HG), On 20-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-24 |
| 26 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല-നഷ്ടം-12,232/-<br>Written By: P.Sabu (Audit Officer (HG), On 19-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-25 |
| 27 | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് മേള ഉപകരണങ്ങൾ വാങ്ങി നൽകൽ- കേന്ദ്ര സർക്കാരിന് 3,150/- രൂപ നഷ്ടം<br>Written By: P.Sabu (Audit Officer (HG), On 20-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 1-26 |

| | | |
|---|---|---|
| 28 | ലൈഫ് ഭവന പദ്ധതി (ജനറൽ)-വിനിയോഗ രേഖകളില്ല- തടസ്സം - 80,47,000/- രൂപ<br>Written By: P.Sabu (Audit Officer (HG), On 20-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-27 |
| 29 | ലൈഫ് ഭവന പദ്ധതി -(എസ്സിപി)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തടസ്സം 10,00,000/- രൂപ<br>Written By: P.Sabu (Audit Officer (HG), On 20-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-28 |
| | ഭാഗം **2** | |
| 1 | വരവ് നിരീക്ഷണങ്ങൾ<br>Written By: P.Sabu (Audit Officer (HG), On 22-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 2 |
| | ഭാഗം **3** | |
| 1 | പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,140/-രൂപ അധികം നൽകി<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 3-1 |
| 2 | പത്രപ്പരസ്യം നിർദ്ദിഷ്ട വിൻഡോ മാതൃകയിലല്ല- 2,923 രൂപ അധികം നൽകി<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 3-2 |
| 3 | ബ്ലോക്ക് ഓഫീസ് നിർമ്മാണം - അപാകതകൾ- നഷ്ടം-2,917/- രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 3-3 |
| 4 | പടന്നയിൽ കൊച്ചുപുഴ റോഡ് നിർമ്മാണം അപാകതകൾ - നഷ്ടം-3,112/-<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 3-4 |
| 5 | പൊളിച്ച മാറ്റിയ പാറ പുനരുപയോഗിച്ചില്ല -നഷ്ടം-2243/-രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 3-5 |
| 6 | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് -W-9-അമ്മൂമ്മ ക്ഷേത്രത്തിന്റെ കിഴക്കുവശം വടക്കേപ്പുറമ്പിൽ കാണ നിർമ്മാണം-അപാകതകൾ- നഷ്ടം-45,098/-രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 3-6 |
| 7 | വിവിധ അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ (S- 0065/20) - അപാകതകൾ-കേന്ദ്രഫണ്ടിന് നഷ്ടം- 7,397/- രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 3-7 |
| 8 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല-നഷ്ടം-12,232/-<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 3-8 |
| 9 | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് മേള ഉപകരണങ്ങൾ വാങ്ങി നൽകൽ- കേന്ദ്ര സർക്കാരിന് 3,150/- രൂപ നഷ്ടം<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 3-9 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Elsamma (Audit Officer, On 25-05-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 15-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.Sabu (Audit Officer (HG), On 15-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 11-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 ലെ ബജറ്റ് 25.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെയും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ആയത് പരിശോധിച്ചാൽ, ബഡ്ജറ്റ് പ്രകാരമുള്ള വരവുചെലവുകൾ യഥാർത്ഥ വരവുചെലവ് കണക്കുകളുമായി യാതൊരു തരത്തിലും പൊരുത്തപ്പെടാത്തതാണെന്ന് കാണാം. മുൻവർഷത്തെ വരവുചെലവുകളെ അടിസ്ഥാനമാക്കിയല്ല ബഡ്ജറ്റ് തയ്യാറാക്കുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളെ ഏറെക്കുറെയെങ്കിലും സാധൂകരിക്കുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 94,48,14,800 | 94,15,14,800 |
| വാർഷിക കണക്ക് പ്രകാരം | 14,37,07,137 | 7,43,99,583 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 10.05.20 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) R&P അക്കൌണ്ട്സ് പ്രകാരം ബാങ്ക് അക്കൌണ്ടുകളുടെ പലിശ ഇനത്തിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 15,480/- രൂപ മാത്രമാണ്.എന്നാൽ കാനറാ ബാങ്കിലുള്ള IAY പ്ലാൻ ഷെയർ അക്കൌണ്ടിൽ നിന്നു മാത്രം (A/C No.0860101056550) തൻവർഷം പലിശയിനത്തിൽ 25,32,146/- രൂപ വരവുണ്ട്.ഇത് പലിശ വരവ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) കാനറാ ബാങ്കിലുള്ള IAY പ്ലാൻ ഷെയർ അക്കൌണ്ടിൽ 31.03.20 ൽ നീക്കിയിരുപ്പുള്ളത് 6,45,21,291/- രൂപയാണ്. ഗ്രാമവികസന കമ്മീഷണറുടെ 10.12.19 ലെ 4937/IA-4/2019/CRD നം. സർക്കുലർ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ ചെലവഴിക്കപ്പെടാതെ കെട്ടിക്കിടക്കുന്ന മുഴുവൻ തുകകളും 2515-00-911-99-ROP എന്ന ഹെഡ്ഡിൽ തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയും തുക തിരികെ ഒടുക്കിയിട്ടില്ല. ടി തുക ഏതിനത്തിലെ നീക്കിയിരുപ്പാണെന്ന് രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

3) IOB യിലെ A/C No.141601000006666 ൽ (എക്കണോമിക് സർവ്വെ) 31.03.20 ൽ 24,367/- രൂപയും PNB (SHG) A /C No.4276000100931094 ൽ 31.03.20 ൽ 5,043/- രൂപയും നീക്കിയിരുപ്പുണ്ട്. ഈ രണ്ട് അക്കൌണ്ടുകളും നിലവിൽ നിർജ്ജീവ അക്കൌണ്ടുകളാണ്. ടി തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഗ്രാമവികസന കമ്മീഷണറുടെ 10.12.19 ലെ 4937/IA-4/2019/CRD നം. സർക്കുലർ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ ചെലവഴിക്കപ്പെടാതെ കെട്ടിക്കിടക്കുന്ന മുഴുവൻ തുകകളും 2515-00-911-99-ROP എന്ന ഹെഡ്ഡിൽ തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയും തുക തിരികെ ഒടുക്കിയിട്ടില്ല.

4) ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി ട്രഷറി ടിഎസ്സ്ബി A/C No.799011400000938 ൽ 01.04.19 ലും 31.03.20ലും 55,40,745/- രൂപ നീക്കിയിരുപ്പുണ്ട്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ ക്രമ നം.2 ൽ സൂചിപ്പിച്ചിട്ടുള്ള സർക്കുലർ പ്രകാരം തുക തിരികെ ഒടുക്കിയിട്ടുമില്ല.

5) തൻവർഷം വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച വരവ് തുക R&P യിലെ വരവും, ACR ലെ വരവുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ACR പ്രകാരം | R&P പ്രകാരം | I-6 പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,55,42,677 | 2,55,42,677 | 2,42,98,076 |
| മെയിന്റനൻസ് ഗ്രാന്റ് | 25,08,457 | 14,89,642 | 7,99,254 |

6) ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് ഇഎംഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, റീ-ടെൻഷൻ തുക തുടങ്ങിയവയുടെ വരവുചെലവ് വിവരങ്ങളെല്ലാം തന്നെ ഒരുമിച്ച് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ RP- 34 ൽ (വരവ് &ചെലവ്) ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ടിയിനത്തിൽ തിരികെ നൽകാൻ അവശേഷിക്കുന്ന തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

7) അഡ്വാൻസ് രജിസ്റ്ററിലും വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

8) ആസ്തി രജിസ്റ്റർ ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി

കാലികമാക്കിയിട്ടില്ലാത്തതിനാൽ I-6 ലും ബാലൻസ് ഷീറ്റിലും ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011,പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട

താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ്

ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി) റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി) റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

10) ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ Grants, Funds & Contribution For Specific Purposes – Other Than Financial Institution -എന്ന ഹെഡ്ഡിൽ 25,60,464/- രൂപ നീക്കിയിരുപ്പുണ്ട്. ആയത് ഏതിനത്തിൽ, ഏത് വർഷം ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

12) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ Contribution For Joint Venture Projects (For Capital Expenditure)from Village Panchayaths എന്ന ഹെഡ്ഡിൽ ഹെഡ്ഡിൽ 25,60,464/- രൂപ നീക്കിയിരുപ്പുണ്ട്. ആയത് ഏതിനത്തിൽ, ഏത് വർഷം ലഭിച്ച തുകയാണെന്ന് വ്യക്തമല്ല. 1,27,28,485/- രൂപ നീക്കിയിരുപ്പുണ്ട്. ആയത് ഏതിനത്തിൽ, ഏത് വർഷം ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

13) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ Contribution For Joint Venture Projects (For Revenue Expenditure)from Village Panchayaths എന്ന ഹെഡ്ഡിൽ ഹെഡ്ഡിൽ 12,05,038/- രൂപ നീക്കിയിരുപ്പുണ്ട്. ആയത് ഏതിനത്തിൽ, ഏത് വർഷം ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

14) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ Contribution For Joint Venture Projects (For Revenue Expenditure)from Village Panchayaths എന്ന ഹെഡ്ഡിൽ ഹെഡ്ഡിൽ 18,20,000/- രൂപ നീക്കിയിരുപ്പുണ്ട്. ആയത് ഏതിനത്തിൽ, ഏത് വർഷം ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

15) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 62,025/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏത് വർഷം, ഏത് പ്രൊജക്റ്റിന് വേണ്ടി ചെലവഴിച്ച തുകയാണ്, ഇപ്പോഴും ചെലവഴിക്കാത്തതിന് കാരണം എന്നിവ വ്യക്തമാക്കിയിട്ടില്ല.

16) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ Other Liability എന്ന ഹെഡ്ഡിൽ 5,17,48,049/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏതിനത്തിൽ, ഏത് വർഷം ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,73,26,247 |
| വരവ് | 12,12,52,810 |
| ആകെ | 19,85,79,057 |
| ചെലവ് | 4,52,63,509 |
| നീക്കിയിരിപ്പ് | 7,59,89,301 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,02,35,100 | 4,02,35,100 | 2,55,42,677 | 1,46,92,423 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,03,71,000 | 1,03,71,000 | 83,07,356 | 20,63,644 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,86,000 | 2,86,000 | 2,86,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 52,58,000 | 52,58,000 | 25,08,457 | 27,49,543 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 5,08,92,000 | 54 | 3,73,60,666 | 40 | 33 | 74.29% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,090 | 18,78,987 | 18,80,077 | 9,64,113 | 9,64,113 |

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.05.2022 തീയതിയിൽ 3.00-പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇൻകംബൻസി മാസ്റ്റർ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2) പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ബിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു ബിൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

3) ഇ.എം.ഡി, സെക്യൂരിറ്റി ഡപ്പോസിറ്റുകൾ തുടങ്ങിയവയുടെ വരവും ചെലവും രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തുന്നില്ല. ഇവയുടെ വർഷം തിരിച്ചുള്ള നീക്കിയിരുപ്പ് വിവരവും രേഖപ്പെടുത്തുന്നില്ല.

4) ബ്ലോക്ക് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഓഡിറ്റ് വർഷം വിവിധ പദ്ധതികൾ പ്രകാരം ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, പ്രൊജക്റ്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഫർണിച്ചറുകൾ, RO പ്ലാന്റുകൾ മുതലായവ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ഒരു രജിസ്റ്ററിൽ ചില ഉപകരണങ്ങളുടെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ ഗ്യാരണ്ടി കാലാവധി, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികമാക്കിയിട്ടില്ല. കംപ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) ഓഡിറ്റ് വർഷം നിരവധി വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ, വാങ്ങിയവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയോ ചെയ്യുന്നില്ല.

6) പല പദ്ധതികളുടെയും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ അംഗങ്ങളുടെ പേര് പോലും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഉടമസ്ഥതയിലുള്ള ആസ്തികൾ അന്യാധീനപ്പെട്ടു പോകുവാൻ കാരണമായേക്കാം.

മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-ജീവനക്കാരുടെ സേവനവിവരങ്ങൾ സൂക്ഷിക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-ജീവനക്കാരുടെ സേവനവിവരങ്ങൾ ലഭ്യമല്ല

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ നിലവിൽ (3) ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഒരു എൻജിനീയറും, രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും, എന്ന നിലയ്ക്കാണ് സ്ഥാപനം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഓരോ വർഷവും പ്രസ്തുത ജീവനക്കാരുടെ കരാർ ദീർഘിപ്പിച്ച് നൽകികൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുന്നതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ എറെക്കുറെ ജീവനക്കാർ തുടർന്നുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ നിയമനം ഓരോ വർഷവും ദീർഘിപ്പിച്ച് നൽകുന്നതിനാൽ കെ.എസ്.ആർ. ഭാഗം -1 അനുബന്ധം-8 ചട്ടം -1 ൽ പറയുന്ന പ്രകാരം അവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (എ.ബി-1/344/2016 തീയതി 05.01.2018) ഉത്തരവ് പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജ്ജിച്ചെടുത്ത അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതും ആണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ആർജ്ജിതാവധിയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാൽ സേവനപുസ്തകം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിൽ പ്രവർത്തിയ്ക്കുന്ന ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല. സേവനപുസ്തകം ഇല്ലാതെ ജീവനക്കാരുടെ ലീവ് അക്കൗണ്ട് എങ്ങനെ തയ്യാറാക്കിയെന്നത് എന്നത് വ്യക്തമല്ല നിലവിൽ എത്ര ജീവനക്കാർ എം.ജി.എൻ.ആർ.ഇ.ജി.എസിൽ ജോലി ചെയ്യുന്നുണ്ട്. അവർ എന്നു മുതലാണ് ജോലി ചെയ്ത് തുടങ്ങിയതെന്നും, അവരുടെ ലീവ് വിവരങ്ങളും, ലീവ് സറണ്ടർ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം 1/19-20/16.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കി, ലീവ് അക്കൗണ്ട് വിവരങ്ങളും, സറണ്ടർ വിവരങ്ങളും രേഖപ്പെടുത്തി സേവനപുസ്തകം കാലികമാക്കി സൂക്ഷിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,140/-രൂപ അധികം നൽകി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച നൽകുകയുമാണ് ചെയ്തത്.

| തീയതി | പത്രത്തിന്റെ പേര് | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ഈടക്കിയ തുക | അനുവദനീയമായ ഡിസ്കൗണ്ട് @15% | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| | | വീതി | നീളം | | | | |
| 30.08.19 | വീക്ഷണം | 10 Cm | | 300 | 3000 | 450 | 2303600/ 25.09.19 |
| 25.08.19 | വീക്ഷണം | 10 Cm | | 460 | 4600 | 690 | |
| | | | | | | 1140 | |

ഒരേ മാസം ദിവസങ്ങളുടെ വ്യത്യാസത്തിൽ നൽകിയ പരസ്യങ്ങൾക്ക് രണ്ട് നിരക്കാണ് ഈടാക്കിയിരിയ്ക്കുന്നത്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/15.05.22 ന് മറുപടി ലഭ്യമാക്കിയില്ല, അധികമായി നൽകിയ 1,140 രൂപ പത്ര സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-12 പത്രപ്പരസ്യം നിർദ്ദിഷ്ട വിൻഡോ മാതൃകയിലല്ല- 2,923 രൂപ അധികം നൽകി

2019-20 സാമ്പത്തിക വർഷങ്ങളിലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല. ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cmx3cm)=24 Cm2വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ടെൻഡർ, വാങ്ങലുകൾ എന്നിവയ്ക്കായി നൽകിയ ചില പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. 2019-20 സാമ്പത്തിക വർഷം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് മാതൃഭൂമി പത്രത്തിൽ നൽകിയ ടെൻഡർ പരസ്യം ഗവ.നിർദ്ദേശാനുസൃതമല്ലായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് | വൌച്ചർ നമ്പർ | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|---|---|
| 03-03-19 | മാതൃഭൂമി | ഹരിപ്പാട് ബ്ലോക്കിന് കീഴിലുള്ള വിവിധ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് | 32sq Cm | 240 | 8064 (Sgst-192 Cgst-192) | 3x8=24cm @240 =5760/- 15% ഡിസ്കൗണ്ട് = 864 5760-864= 4896 +5%ടാക്സ് 4896+245 =5141 | 2923 | ഇല്ല | 2303588/ 18/05/19 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല . പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/19-20/18.05.22 ന് മറുപടി നൽകിയിട്ടില്ല. അധികമായി നൽകിയ 2,924/-രൂപ നിർദ്ദിഷ്ട പത്ര സ്ഥാപനത്തിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സാക്ഷരത തുല്യതാ പഠന പദ്ധതി രേഖകൾ ഹാജരാക്കിയില്ല 1,49,400/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സാക്ഷരതാ തുല്യതാ പഠന പദ്ധതി |

| | |
|---|---|
| തുക, ഫണ്ടിനം | 2.50,000(വികസനഫണ്ട്, ജനറൽ)<br>2500 (തനത് ഫണ്ട്) |
| ബിൽ നമ്പർ/ തീയതി | 27/19-20 / 114400/-തീയതി 24.12.19<br>29/19-20/35000/- തീയതി.27.12.19<br>ആകെ 149400/- |

2019-20 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ പത്താം തരം തുല്യതയും, പന്ത്രണ്ടാം തരം തുല്ല്യതാ പഠന പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കിയില്ല

1) പഠിതാക്കളുടെ അപേക്ഷ ഫോറം

2) സാക്ഷരത മിഷന് ഫീസിനത്തിൽ നൽകിയ തുകയുടെ രസീത്

3) പഠിതാക്കളുടെ കോഴ്സ് സർട്ടിഫിക്കറ്റ്.

4) പദ്ധതിയെ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്.

മേൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/20.05.22ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 1,49,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 97ാം നം അങ്കണവാടി സ്മാർട്ടാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിയത് - നടപടിക്രമങ്ങളിലെ അപാകതകൾ സംബന്ധിച്ച്

സി.ഡി.പി.ഒ നടപ്പാക്കിയ പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 97-ാം നം അങ്കണവാടി സ്മാർട്ടാകുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നത് എന്ന പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 79/20 |
| പ്രോജക്റ്റ് | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 97ാം നം അങ്കണവാടി സ്മാർട്ടാകുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നത് |
| അടങ്കൽ | 1,00,000(വികസനഫണ്ട് പൊ.വി.സാധാരണ വിഹിതം) |
| ചെലവ് | 80,000/'ട്രഷറി ബിൽ നമ്പർ 1/16-12-20 |
| സ്ഥാപനത്തിന്റെ പേര് | അഡ്മിൻ ഇൻഫോ സൊല്യൂഷൻസ്<br>ഇൻവോയിസ് നം.02757/13-11-19 |

ടി തുക പൂർണ്ണമായും അഡ്മിൻ ഇൻഫോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്.ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 97ാം നം. അങ്കണവാടി സ്മാർട്ടാക്കുന്നതിന് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1 ലാപ്ടോപ്പ്, പ്രോജക്ടർ, സൗണ്ട് സിസ്റ്റം, ഡിജിറ്റൽ സ്ക്രീൻ തുടങ്ങിയവ മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിയ്ക്കേണ്ടതാണെന്ന് സ്റ്റോർപർച്ചേസ് മാന്വൽ ഖ.7.52 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം.1/26/2019ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും, C.p.r.c.sൽ കൂടിയല്ലാതെ കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിയ്ക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ ഉപകരണങ്ങൾ ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/18.05.22 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 രേഖകൾ ഹാജരാക്കിയില്ല- കൺസൽട്ടൻസി ചാർജ്ജ് 43,985/-രൂപ തടസ്സപ്പെടുത്തുന്നു

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ നബാർഡ്-

ആർ.ഐ.ഡി.എഫ് റോഡ് പ്രോജക്ടുകളുടെ ഭാഗമായി ചെറുതന ഗ്രാമപഞ്ചായത്തിലെ വെട്ടുകളഞ്ഞി-പാണ്ടി ജെട്ടി റോഡിന്റെ കൺസൾട്ടൻസി ചാർജ്ജായി എൽ.ബി.എസ് സെന്റർ ഫോർ സയൻസ്&ടെക്നോളജി, തിരുവനന്തപുരം 37,275 രൂപ (പ്രോജക്ട് കോസ്റ്റ് 49.70 ലക്ഷം, 0.75% കൺസൾട്ടൻസി ചാർജ്ജ്) (18/11/2019 തീയതി ചെക്ക് നം 2303928) നൽകിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ചുവടെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ് ഓഡിറ്റ് എൻക്വയറി നം.13/18.05.22 നൽകിയിരുന്നു.

1) എൽ.ബി.എസ് സെന്റർ ഫോർ സയൻസ്&ടെക്നോളജിയെ കൺസൽട്ടൻസിയായി ഗവ.അംഗീകരിച്ചിട്ടുള്ള ഗവ.ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2) ഗവ.റോഡ് നിർമ്മാണത്തിന് കൺസൽട്ടൻസിയെ നിയമിക്കാവുന്നതും കൺസൽട്ടൻസി ചാർജ്ജ് നൽകാവുന്നത് സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കിയില്ല.
3) ടി റോഡ് നിർമ്മാണം പൂർത്തീകരിച്ചതാണോ. എൽ.ബി.എസ് സെന്റർ ഫോർ സയൻസ്&ടെക്നോളജിക്ക് കൺസൽട്ടൻസി ചാർജ്ജ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവർ തയ്യാറാക്കിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. എന്ത് തരം സേവനങ്ങളാണ് ഈ ഏജൻസി നൽകിയിട്ടുള്ളത് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

എന്നാൽ മേൽ എൻക്വയറിയ്ക്ക് മറുപടി നൽകുകയോ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തില്ല. രേഖകൾ ഹാജരാക്കത്തതിനാൽ എൽ.ബി.എസ് സെന്റർ ഫോർ സയൻസ്&ടെക്നോളജിക്ക് കൺസൽട്ടൻസി ചാർജ്ജിനത്തിൽ നൽകിയ 37,275/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ചെറുതന പി.എച്ച്.സി.യിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ -നടപടിക്രമങ്ങൾ പാലിച്ചില്ല

മെഡിയ്ക്കൽ ഓഫീസർ നടപ്പാക്കിയ ചെറുതന പി.എച്ച്.സി.യിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചർ, എസി, എന്നിവ വാങ്ങൽ എന്ന പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 85/20 |
| പ്രോജക്ട് | ചെറുതന പി.എച്ച്.സി. യി ലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചർ എസി എന്നിവ വാങ്ങൽ |
| അടങ്കൽ | 2,07,750(വികസനഫണ്ട് പൊ.വി.സാധാരണ വിഹിതം) |
| ചെലവ് | 43,337/'ട്രഷറി ബിൽ നമ്പർ 22/22-02-20 |
| സ്ഥാപനത്തിന്റെ പേര് | കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ<br>ഇൻവോയിസ് നം.B2B/0084/20-2/22-06-20 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്.ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുതന പി.എച്ച്.സി. യിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചർ എസി എന്നിവ വാങ്ങുകയുണ്ടായി. കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാണ് എസിയും, സ്റ്റെബിലൈസറും, സ്റ്റാന്റും വാങ്ങിയിട്ടുളത്. മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ നൽകിയ ബില്ലിൽ മാക്സെൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും എസിയും, അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുകയാണെന്ന് വ്യക്തമാണ്(മാക്സെൽ ഏജൻസീസ്, തോമസ് ഷോപ്പിംഗ് കോംപ്ലക്സ്, കൊല്ലം നൽകിയ ബില്ലിൽ വാങ്ങുന്ന ആളിന്റെ കോളത്തിൽ(Buyer) മാനേജിംഗ് ഡയറക്ടർ, കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 02.12.2016ലെ സ.ഉ.(സാ.ധാ) നം.3299/2016/ത.സ്വ.ഭ.വ പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിയ്ക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ജി.ഒ.ആർ.ടി നം.13/2019/എസ്.പി.ഡി തീയതി 02.04.2019 പ്രകാരവും ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിയ്ക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട് മാത്രമല്ല ടി ഉത്തരവ് പ്രകാരം സ്ഥാപനങ്ങൾ തങ്ങൾ ഉൽപ്പാദിപ്പിയ്ക്കുന്ന സാമഗ്രികൾ മാത്രമാണ് നൽകുന്നതെന്ന ഒരു സർട്ടിഫിക്കറ്റ് കൂടി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫയലിനൊപ്പം ടി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മെഡിയ്ക്കൽ ഉപകരണങ്ങൾ വിൽക്കാനുള്ള സ്ഥാപനമായ മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ഉപകരണങ്ങൾ വാങ്ങി നൽകുമ്പോൾ 7% സർവ്വീസ് ചാർജ്ജ് കൂടി ഈടാക്കുന്നതാണെന്ന് പ്രൊഫോർമയിൽ പറഞ്ഞിട്ടുള്ളതാണ്. ടി സ്ഥാപനം ഉൽപ്പാദിപ്പിയ്ക്കാത്ത സാമഗ്രികളായത് കൊണ്ട് തന്നെ ഓപ്പൺ മാർക്കറ്റിൽ നിന്നാണ് ടി സാമഗ്രികൾ വാങ്ങിയിരുന്നതെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് ഇതിലും കുറഞ്ഞ വിലയ്ക്ക് ഇവ ലഭ്യമായിരുന്നേനെ. എന്നാൽ മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും

വാങ്ങിയത് മൂലം ആയതിനുള്ള സാഹചര്യം നഷ്ടമായി.

മേൽ ഉപകരണങ്ങൾ ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ആരോഗ്യവകുപ്പിൽ കെ.എം.സി.എല്ലിൽ നിന്നും സാധനങ്ങൾ വാങ്ങാനാണ് ഉത്തരവ് എന്നും, സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് കമ്പനിയുടെ സേവനം ഉറപ്പുവരുത്താനാണെന്നും, ഉപകരണങ്ങൾക്ക് എന്തെങ്കിലും കേടുപാട് പറ്റിയാൽ കെ.എം.സി.എൽ നേരിട്ടിടപെട്ട് പരിഹരിച്ച് തരുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ടി ഉപകരണങ്ങൾ ഏത് സ്ഥാപനത്തിൽ നിന്ന് വാങ്ങിയാലും അതിന് വാറന്റിയും, എ.എം.സിയും ലഭ്യമാവുന്നതാണ്. മാത്രവുമല്ല മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിൽ വാങ്ങലുകളെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുന്നുമുണ്ട്. ആകയാൽ സർക്കാർ ഫണ്ടുപയോഗിച്ച് സാധന സാമഗ്രികൾ വാങ്ങുമ്പോൾ അവയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഐ.കെ.എം.ന് തുക അടവാക്കൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 48,442/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - S0006/20

പ്രോജക്ടിന്റെപേര് - ഐ.കെ.എം.വിഹിതം അടയ്ക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽതുക- 48,442/-

സ.ഉ(സാ.ധാ)നം.1228/2016/ത.സ്വ.ഭ.വ 08/03/2016 ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ അവർക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.1% ഐ.കെ.എം ന്റെ പ്രവർത്തനത്തിന് വേണ്ടി മാറ്റി വെയ്ക്കേണ്ടതാണ്. ഇപ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് 48,422/-രൂപ ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരം മാനേജരുടെ എസ്.ബി.ഐ.നന്തൻകോട് ബ്രാഞ്ചിലെ 57047023512 നം.അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.(ബിൽ നം.4/19-20/25.6.19 തുക.48,442/-) എന്നാൽ ടി തുകയുടെ ധനവിനിയോഗസാക്ഷ്യപത്രം സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.18/19.05.22 ന് മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ പത്രം ഹാജരാക്കുന്നത് വരെ ഐ.കെ.എം വിഹിതമായി ചെലവഴിച്ച് 48,442/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-രേഖകൾ ഹാജരാക്കിയില്ല. 1,55,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് -പട്ടികജാതി/ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

പ്രോജക്ട് നം-27/20

അടങ്കൽ തുക- 33,58,074/-(വികസന ഫണ്ട് (എസ്.സി.പി))+1926 (തനത് ഫണ്ട്)

ചെലവ് -33,45,000

എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ഒരേ ധനസഹായത്തിന് അർഹതയില്ല. എന്നാൽ ടി പ്രോജക്ട് നടപ്പാക്കിയപ്പോൾ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് ലഭ്യമായിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | പഠിക്കുന്ന സ്ഥാപനം | താമസിക്കുന്ന പഞ്ചായത്ത് | നല്കിയ തുക | അപാകത |
|---|---|---|---|---|---|
| 1 | അക്ഷയ് എ., ലക്ഷ്മിത്തോപ്പ്, പല്ലന, തൃക്കുന്നപ്പുഴ | അമൽജ്യോതി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് | തൃക്കുന്നപ്പുഴ | 25000/ട്രഷറി ബിൽ.നം 1/28-06-19 | പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |
| 2 | ശ്രീലക്ഷ്മി, | ഗവ.മെഡിക്കൽ കോളേജ്, | കാർത്തികപ്പള്ളി | 30000/- ട്രഷറി | പഞ്ചായത്തിൽ നിന്നും |

| | | | | | |
|---|---|---|---|---|---|
| | ഭാഗ്യശ്രീ, മഹാദേവികാട്, കാർത്തികപ്പള്ളി | കോട്ടയം | | ബിൽ നം. 1/28-06-19 | മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | ശ്രുതിമോൾ എസ്., പുത്തൻതറയിൽ, കാരിച്ചാൽ | അൽ-അസർ ലോ കോളേജ്, തൊടുപുഴ | വീയപുരം | 15000/ട്രഷറി ബിൽ നം. 1/28-06-19 | പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |
| 4 | സ്നേഹ പ്രകാശ്, പ്രകാശ് ഭവനം, പള്ളിപ്പാട് | ഇന്ദിരഗാന്ധി കോളേജ് ഓഫ് നഴ്സിംഗ്,ബാംഗ്ളൂർ | പള്ളിപ്പാട് | 20000/- ട്രഷറി ബിൽ നം. 1/28-06-19 | പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |
| 5 | ശ്രുതി എസ്., കാവിന്റെ പടീറ്റതിൽ, വീയപുരം | മൗണ്ട, സിയോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് &ടെക്നോളജി, ചെങ്ങന്നൂർ | വീയപുരം | 20000/- ട്രഷറി ബിൽ നം. 1/28-06-19 | പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |
| 6 | ധാർത്തിയ പീതാംബരൻ, ഒഴിഞ്ഞിരിയ്ക്കൽ, ആനാരി വടക്ക് | സെന്റ് അലോഷ്യസ് കോളേജ് എടത്വ | ചെറുതന | 20000/ട്രഷറി ബിൽ.നം 1/28-06-19 | പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |
| 7 | ഗംഗ യു., പോച്ചയിൽ, പാന്നൂർ, പല്ലന, തൃക്കുന്നപ്പുഴ | കേരള വെറ്റിനറി&അനിമൽ സയൻസസ് യൂണിവേഴ്സിറ്റി | തൃക്കുന്നപ്പുഴ | 25000/ട്രഷറി ബിൽ നം. 1/28-06-19 | പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് |

ടി ഗുണഭോക്താക്കൾക്ക് അതത് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ളത് എങ്ങനെ ഉറപ്പാക്കി എന്നത് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/19.05.22 ന് നൽകിയ മറുപടിയിൽ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ മേൽ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിച്ച് 1,55,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ആറാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക്, ഇൻസിനേറ്റർ, അലമാര എന്നിവ വാങ്ങി നൽകൽ- അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ആറാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസ്സവരെയുള്ള കട്ടികൾക്ക്, ഇൻസിനേറ്റർ, അലമാര എന്നിവ വാങ്ങി നൽകൽ S0077/19 |
| തുക, ഫണ്ടിനം | 1,01,8060(വികസനഫണ്ട്, ജനറൽ) |
| ബിൽ നമ്പർ/ തീയതി | 33/18-19 / 503360/-തീയതി 27.03.2019 |
| | 31/19-20/457788 തീയതി 31.12.2019<br>ആകെ ചെലവ്-9,61,148/- |

2018-19 സ്പിൽ ഓവറായ ടി പ്രോജക്ടിലുൾപ്പെടുത്തി ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലെ 8 സർക്കാർ സ്കൂളുകളിലെയും,10

എയിഡഡ് സ്കൂളിലെയും വിദ്യാർത്ഥിനികൾക്കായി ഷീ പാഡുകൾ, ഇൻസിനേറ്ററുകൾ, അലമാര എന്നിവ വാങ്ങി നൽകുന്നതിനായാണ് ടി പദ്ധത വിഭാവനം ചെയ്തത് .ഇത് പ്രകാരം 2018-19 വർഷം 5,03,360/- രൂപയും 2019-20 വർഷം 4,57,788 രൂപയും ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 26/03/2019ലെ KSWDC/P5/She-Pad/LSGD/ALPY 2018-19 നം ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം പദ്ധതിപ്പണം വിനിയോഗിച്ച സ്കൂളുകളുടെ ലിസ്റ്റിൽ ഷീ-പാഡുകൾ കൈപ്പറ്റാത്ത സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റും സ്കൂളുകളിൽ നിന്നുമുള്ള കൈപ്പറ്റ് രസീതും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്കൂളുകൾ ഷീപാഡുകൾ കൈപ്പറ്റിയതായി കാണുന്നില്ല പക്ഷേ KWSDC യുടെ സർട്ടിഫിക്കറ്റ് പ്രകാരം ടി സ്കൂളുകൾ ഷീപാഡുകൾ കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം സ്കൂളുകൾക്ക് നൽകിയ ഷീപാഡിന്റെ എണ്ണം | സ്കൂളിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് പ്രകാരം കൈപ്പറ്റിയ ഷീപാഡുകളുടെ എണ്ണം |
|---|---|---|---|
| 1 | കെ.കെ.കെ,വി.എം എച്ച്.എസ്.എസ് Z\പേതപ്പള്ളി | 2118 | 0 |
| 2 | എസ്.കെ.വി എൻ.എസ്.എസ് യു.പി.എസ് | 132 | 0 |
| 3 | ഗവ.ന്യൂ.യു.പി.എസ്, ആയാപറമ്പ് | 108 | 0 |
| 4 | ഗവ.യു.പി.എസ് മഹാദേവികാട് | 60 | 0 |
| 5 | ഗവ.യു.പി.എസ് പാനൂർക്കര | 462 | 437 |
| 6 | വി.എച്ച്.എസ്.എസ് നടുവട്ടം | 0 | 7000 |
| | ആകെ കിട്ടാനുള്ളത് | 2880 എണ്ണം<br>(2880X16.71=48125) | |

പ്രോജക്ട് ഫയലിനൊപ്പം ധനവിനിയോഗ സർട്ടിഫിക്കറ്റ് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. പദ്ധതിയ്ക്ക് വേണ്ടി ഇതു വരെയും 9,61,148/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയുടെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/20.05.22 ന് മറുപടി ലഭ്യമാക്കിയില്ല.

സ്കൂളുകളിൽ മേൽ സാധനങ്ങൾ ലഭിച്ചതിനെ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതും പ്രോജക്ട് പ്രകാരമുള്ള എല്ലാ സാധനങ്ങളും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രം ഫൈനൽ പേമെന്റ് നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 പടന്നയിൽ കൊച്ചുപുഴ റോഡ് നിർമ്മാണം അപാകതകൾ - നഷ്ടം-3,112/-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്- 13-ാം വാർഡ്-പടന്നയിൽ കൊച്ചുപുഴ റോഡ് – (പ്രൊ.നം.S-0066/19) എന്ന മരാമത്ത് പ്രവർത്തിയുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കരാറുകാരൻ -മനോഹരൻ.
ചെലവ് വിവരം – Rs 399181/- ബിൽ നം.10/20-21 , Dt.18-07-19

MB-No. 20/AE/18-19

1.കൺസോളിഡേഷൻ കുറവ് ചെയ്തില്ല-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 12 ൽ എക്സ്ട്രാ ഇനം 1 ആയി 23.10 M3 ഗ്രാവൽ ഉപയോഗിച്ച് റോഡിന്റെ വശങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ആയതിന് എം3 ന് 916.02 രൂപ നിരക്കിൽ 21,160/-രൂപ മൂല്യം നിർണ്ണയിച്ച് നൽകി.10% കൺസോളിഡേഷൻ കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവും തുകയും ചുവടെ ചേർക്കുന്നു.

23.10 M3-2.31m3 = 20.79m3 X 916.02 = 19,044/-രൂപ.

അധികം നൽകിയത് = 21160 –19044 = 2,116/- രൂപ

2.ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല--

ടാറിംഗ് പ്രവൃത്തികൾക്ക് 7% പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അസ്സി.എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ഈ പ്രവർത്തിയിൽ, കരാറുകാരൻ പൊടിച്ച പ്ലാസ്റ്റിക് വാങ്ങിയതിന്റെ രസീത് ഹാജരാക്കുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. മറ്റ് ചില പ്രവർത്തികളിൽ ഹരിപ്പാട് നഗരസഭയിൽനിന്നും ഹരിത കർമ്മ സേന മുഖേന കിലോഗ്രാമിന് 25/- രൂപ നിരക്കിൽ ആണ് പൊടിച്ച പ്ലാസ്റ്റിക് വാങ്ങി പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച പ്ലാസ്റ്റികിന്റെ അളവ്./ അളവുപുസ്തകം | ഈടാക്കേണ്ടിയിരുന്ന തുക (@25/kg) |
|---|---|
| 39.85 കി.ഗ്രാം (390m2 X1.46kg/m2=569.40kg; X7/100=39.85kg.) | 996/-രൂപ |
| ആകെ | 996/-രൂപ |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/2019-20) ലഭ്യമാക്കിയ മറുപടിയിൽ ടാറിംഗ് പ്രവർത്തികൾക്കുള്ള റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ ഉറപ്പാക്കിയതിന് ശേഷമാണ് ഈ ഇനത്തിന്റെ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുള്ളതെന്നാണ്. പ്രീമെഷർമെന്റ് ആയി അളവു രേഖപ്പെടുത്തുന്ന പ്രവർത്തിയിൽ കൺസോളിഡേഷന് ശേഷമുള്ള അളവാണ് രേഖപ്പെടുത്തുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് സംബന്ധിച്ച മറുപടിയിൽ മേൽ പ്രവർത്തിക്ക് പൊടിച്ച പ്ലാസ്റ്റിക്ക് ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി മറുപടിയും അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 3,112/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 ബ്ലോക്ക് ഓഫീസ് നിർമ്മാണം - അപാകതകൾ- നഷ്ടം-2917/- രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം (പ്രൊ.നം.S-0040/19) എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിശ്ചിത തീയതിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല –

2012 ലെ കേരള പിഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ ഈ പ്രവർത്തിയിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാറുകാരൻ കരാർ വെച്ചിട്ടില്ലായെന്ന് കണ്ടു. ടിയാനിൽ നിന്നും ഫൈൻ ഈടാക്കിയതായും കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

സെലക്ഷൻ നോട്ടീസിലെ തീയതി – 30.11.18

സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെയ്ക്കേണ്ട തീയതി – 14.12.19

PAC –291712/-

Agt.No.-21/EE/LSGD/18-19, Dt.16-01-19

കരാറുകാരൻ -വിനോദ് വി.

കരാർ വെച്ച തീയതി –16.01.19

ചെലവ് വിവരം – Rs 2,91,712/- ചെക്ക് നം.XY-2303970, Dt.29.01.20

MB-No.22/18-19

ഈടാക്കേണ്ട ഫൈൻ – 2,917/- രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/2019-20) ലഭ്യമാക്കിയ മറുപടിയിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതിന് ശേഷം കരാറുകാരന് ചില ശാരീരിക ബുദ്ധിമുട്ട് ഉണ്ടായത് മൂലമാണ് യഥാസമയം കരാർവെയ്ക്കാൻ കഴിയാതിരുന്നതെന്നും, ഫൈൻ ഈടാക്കിയാൽ ടിയാൻ പ്രവർത്തി ഉപേക്ഷിക്കുമായിരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പിഡബ്ല്യുഡി മാനവൽ പ്രകാരം യഥാസമയം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കണം എന്ന് വ്യക്തമാക്കിയിരിക്കെ ആയത് ഈടാക്കാതിരുന്നതിന് ഈ മറുപടി അംഗീകരിക്കാവുന്നതല്ല.അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2.പരിപാലനത്തിന്റെ അഭാവം മൂലം പദ്ധതി പണം പാഴാകുന്നു-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 10 ൽ ഇനം 13 ആയി 15 മീറ്റർ നീളത്തിലും ശരാശരി 2 മീറ്റർ വീതിയിലും കൊറിയൻ ഗ്രാസ്സ് വെച്ചുപിടിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 17,535/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഭൌതിക പരിശോധനയിൽ ഇപ്രകാരമൊരു നിർമ്മിതി കാണുവാൻ കഴിഞ്ഞില്ല. പുല്ല് വെച്ച് പിടിപ്പിച്ചതിന് ശേഷം കുറച്ച് നാൾ അതവിടെ ഉണ്ടായിരുന്നുവെന്നും, പിന്നീട് ശരിയായവിധം പരിപാലിക്കാനാവാതിരുന്നത് മൂലം നശിച്ചുപോയി എന്നുമാണ് വാക്കാൽ അറിയിച്ചിട്ടുള്ളത്. കൂടാതെ ടി ഭാഗം മുഴുവൻ റബിൾ പാകിയതിനും കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ ഭാഗമെല്ലാം ചവറു മൂടി വൃത്തിഹീനമായ അവസ്ഥയിലാണ്. പൊതുപണം വിനിയോഗിച്ച് ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയതിന്റെ പരിപാലനം ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം പദ്ധതികൾ പൊതുപണം വിനിയോഗിക്കുന്നതിനുള്ള ഒരു ഉപാധി മാത്രമായിത്തീരുന്നതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-22 പൊളിച്ചു മാറ്റിയ പാറ പുനരുപയോഗിച്ചില്ല -നഷ്ടം-2,243/-രൂപ

പ്രവർത്തിയുടെ പേര് - തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് -W-2- പുത്തൻ തോപ്പിന് കിഴക്ക് വശം കൾവർട്ട് നിർമ്മാണം-(എസ്സ്-0065/19)

അളവുപുസ്തകം നം.-16/AE/18-19

ചെലവ് വിവരം-ബിൽ നം. 01/19-20,10-05-19, Rs-559447/-രൂപ

കരാറുകാരൻ - മുരളി കെ.

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 3 ൽ 18-ാം ഇനമായി ആയി പഴയ സംരക്ഷണ ഭിത്തി പൊളിച്ചു മാറ്റിയിട്ടുണ്ട്. 5.40m3 പാറ ഇതിലൂടെ ലഭിച്ചതായി പേജ് 4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൾവർട്ടിന്റെ ഫൌണ്ടേഷനും സംരക്ഷണ ഭിത്തിയുടെ സൂപ്പർ സ്ട്രക്ചർ നിർമ്മാണത്തിനുമായി യഥാക്രമം പേജ് 26 ൽ 10.044m3 പാറയും പേജ് 27 ൽ 7.098m3 പാറയും ഉൾപ്പെടെ ആകെ 17.134m3 പാറ ഉപയോഗിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് അളവായ 16.92m3 ൽ ലിമിറ്റ് ചെയ്ത് M3 ന് 2,973/- രൂപ നിരക്കിൽ 50,303/-രൂപ മൂല്യം നിർണ്ണയിച്ചു നൽകിയ പ്രകാരം പൊളിച്ചു മാറ്റിയ പാറയുടെ 50% എങ്കിലും വിനിയോഗയോഗ്യമാണെന്നിരിക്കെ, ആയത് ഉപയോഗിക്കാതിരുന്നത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

DR മേസനറിക്ക് M3 ന് നൽകിയിട്ടുള്ള 2,973/-രൂപ എന്ന നിരക്കിൽ ഉൾപ്പെട്ടിട്ടുള്ള 1 M3 പാറയുടെ വില = 865/-രൂപപൊളിച്ചു മാറ്റിയ അളവായ 5.40m3 അളവിൽ നിന്നും എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്തതിന് ശേഷമുള്ള അളവ് = 5.186 M3 (17.134 -16.92=0.214m3; (5.40m3-0.214m3=5.186m3))

അധികം നൽകിയ തുക – 5.186 M3 X1/2 X865/-m3 = 2243/-രൂപ

അധികം തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(10/19-20) ലഭ്യമാക്കിയ മറുപടിയിൽ പൊളിച്ചു മാറ്റിയ പാറയുടെ ഏകദേശം 50% മാത്രമെ ഉപയോഗയോഗ്യമായ പാറ ലഭിക്കുകയുള്ളുവെന്നും, ഇങ്ങനെ ലഭിച്ചവ ഫൌണ്ടേഷൻ ലെവലിംഗിനായും, പൊതുജനങ്ങൾക്ക് താൽക്കാലികമായി ഉണ്ടാക്കിയ വഴിയിൽ നിരത്തുന്നതിനും ഉപയോഗിക്കുകയുണ്ടായി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പൊളിച്ചു മാറ്റിയതിലൂടെ ലഭിച്ച പാറയുടെ വിനിയോഗം അളവു പുസ്തകത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് -W-9-അമ്മൂമ്മ ക്ഷേത്രത്തിന്റെ കിഴക്കുവശം

## വടക്കേപ്പറമ്പിൽ കാണ നിർമ്മാണം-അപാകതകൾ- നഷ്ടം-45,098/-രൂപ

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

കരാറുകാരൻ- മുരളി കെ.

ചെലവ് വിവരം – Rs-559447/-, ബിൽ നം.1/19-20, Dt.10.05.19

1.എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-

ബ്ലോക്ക് പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് -W-9-അമ്മൂമ്മ ക്ഷേത്രത്തിന്റെ കിഴക്കുവശം വടക്കേപ്പറമ്പിൽ കാണ നിർമ്മാണം എന്ന നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 257/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1)) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം.) |
|---|---|---|---|---|---|---|
| 1. | 2/19-20 | ബാബു ഗോപാലൻ | 59.925 M3 @511.68 = 30,662/- | 59.925 M3 @257/m3 = 15,400/- | 15262/- | 11/19-20, 29-11-19, 4,06,415/-രൂപ |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/2019-20) ലഭ്യമാക്കിയ മറുപടിയിൽ ഓട നിർമ്മാണവും ക്രോസ്സ് ഡ്രെയിൻ നിർമ്മാണവും ഉള്ള ഈ പ്രവർത്തിയുടെ എർത്ത് വർക്ക് എസ്കവേഷൻ കടൽക്കരയ്ക്ക സമീപമുള്ള പ്രദേശത്ത് മിനി കൾവർട്ട് മാതൃകയിൽ Narrow Trenching എന്ന നിലയിൽ ചെയ്യേണ്ട ഒന്നായിരുന്നുവെന്നും, ആയത് സംരക്ഷണ ഭിത്തിയുടെ എസ്കവേഷനിൽ നിന്നും തീർത്തും വ്യത്യസ്തമായി ചെയ്യേണ്ടി വന്നതിനാലാണ് 11.1.1.1 എന്ന നിരക്ക് നൽകിയതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.2020-21 വർഷം നിർവ്വഹിച്ച ഇത്തരം പ്രവർത്തികളിലും ഇതേ അപാകതകൾ നിലനിന്നിരുന്നത് ചൂണ്ടിഎൻക്വയറിക്ക് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 15.05.19 ലെ മീറ്റിംഗ് തീരുമാന പ്രകാരം റോഡ് പ്രവർത്തികൾക്ക് കോമൺ ഡേറ്റാ ഉണ്ടാക്കി, MORD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ച് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഇ.ഇ തയ്യാറാക്കിയ കോമൺ ഡേറ്റാ പ്രകാരം റോഡ് പ്രവർത്തികളുമായി ബന്ധപ്പെട്ട് കൾവർട്ടുകൾ, കാണകൾ എന്നിവയുടെ നിർമ്മാണത്തിനായുള്ള എർത്ത് വർക്ക് എക്സ്കവേഷന് 11.1.1.1 എന്ന നിരക്ക് നൽകുവാനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും, ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ നിരക്ക് നൽകിയതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നിരക്കിൽ പ്രവർത്തി നിർവ്വഹിക്കപ്പെട്ടപ്പോൾ ഈ ഒരു പ്രവർത്തിയിൽ മാത്രം 15,262/- രൂപയാണ് ഇപ്രകാരം അധിക ചെലവുണ്ടായിട്ടുള്ളത്. MORD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചപ്പോൾ ആയത് തയ്യാറാക്കി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ അംഗീകാരത്തോടെ സംസ്ഥാനമൊട്ടാകെ ഒരേ ഡേറ്റ ഉപയോഗിക്കുന്നതിന് പകരം, ഉയർന്ന നിരക്കുള്ള ഡേറ്റാ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഇ.ഇ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അനർഹമായ തുക അനുവദിക്കപ്പെടുന്നതിലെ അനൌചിത്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2.അനുവദനീയമായ അളവിലും കൂടിയ കനത്തിൽ കാണയുടെ ബെഡ് കോൺക്രീറ്റിംഗ് നടത്തി-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ്-1, ഇനം-1 ആയി കാണ നിർമ്മാണത്തിനായി 90 നീളത്തിലും 0.75cm. വീതിയിലും 0.85cm.കനത്തിലും എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിട്ടുണ്ട്. ഇതിന് മുകളിൽ ഇനം 2 ആയി 0.15 Cm.കനത്തിൽ 1:3:6 അനുപാതത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. 10 Cm.ബെഡ് കോൺക്രീറ്റിന് മുകളിൽ സാധാരണ ഗതിയിൽ , കാണയുടെ സൈഡ് വാളിന്റെ കനം ഒഴിവാക്കിയതിന് ശേഷമുള്ള ഉള്ളളവ് വീതിയിൽ 1:2:4 അനുപാതത്തിൽ 0.05 Cm. കനത്തിൽ വെയറിംഗ് കോട്ട് നൽകിയാൽ മതിയാകും. എന്നാൽ ഈ പ്രവർത്തിയിൽ 0.15 Cm.കനത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയതിന് മുകളിൽ വീണ്ടും ഇതേ നീളത്തിലും, വീതിയിലും 0.10 Cm.കനത്തിൽ 1:2.5:5 അനുപാതത്തിൽ വീണ്ടും കോൺക്രീറ്റ് ചെയ്തത് മൂലം (പേജ്-3,ഇനം-4 )അധിക ചെലവുണ്ടായി. ഈ പ്രവർത്തിയിൽ 4.10 മീറ്റർ നീളത്തിൽ ക്രോസ്സ് ഡ്രെയിൻ നിർമ്മാണത്തിന് 10 Cm.കനത്തിൽ രണ്ടാമതും നൽകിയ

കോൺക്രീറ്റിന് അനുവദിച്ച 0.287m3 അളവ് ഒഴിവാക്കിയതിന് ശേഷം അധികം നിർവ്വഹിച്ച പ്രവർത്തിയുടെ അളവും, നൽകിയ തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

1x30x0.70 X0.10 = 2.10m3

1x30x0.70 X0.10 = 2.10m3

1x30.50x0.70 X0.10 = 2.135m3

ആകെ = 6.335m3

അധികം നൽകിയ തുക – 6.335m3 X 7118,91/m3 = 45,098/-രൂപ

എൻക്വയറിക്ക് (5/2019-20) ലഭ്യമാക്കിയ മറുപടിയിൽ, മേൽ റോഡിന് വീതി കുറവുള്ളതിനാൽ, ഭാവിയിൽ ചില അവസരങ്ങളിൽ കാണയുടെ സ്ലാബിന് മുകളിൽ കൂടി ടയർ പ്രഷർ ഉണ്ടാവാനുള്ള സാഹചര്യം കണക്കാക്കി അതിനനുയോജ്യമായ രീതിയിലുള്ള ഫൌണ്ടേഷനാണ് നൽകിയിട്ടുള്ളതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലൊന്നും തന്നെ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 വിവിധ അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ (S- 0065/20) - അപാകതകൾ- കേന്ദ്രഫണ്ടിന് നഷ്ടം- 7,397/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്ന ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലെ അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ (RO പ്ലാന്റ്- RO+uf-8 Litres –With Carbon & Sediments). പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബി ടു ബി, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ടി സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 5,900/- രൂപ നിരക്കിൽ 52 RO പ്ലാന്റുകൾ വാങ്ങിയിട്ടുണ്ട്. നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി RO പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉള്ള അങ്കണവാടികളുടെ ലിസ്റ്റ് നൽകണമെന്നാവശ്യപ്പെട്ട് 15.10.19 ൽ സെക്രട്ടറി, സിഡിപിഒ ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് 26.10.19 ൽ സിഡിപിഒ നൽകിയ മറുപടിയോടൊപ്പം വിവിധ പഞ്ചായത്തുകളിലായി വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉള്ള 56 അങ്കണവാടികളുടെ ലിസ്റ്റ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ RO പ്ലാന്റ് കൈപ്പറ്റിയതായി കാണിച്ച് വിവിധ അങ്കണവാടി ജീവനക്കാരിൽ നിന്നും ലഭ്യമാക്കിയതും, ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമായ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ ഈ ലിസ്റ്റിൽ ഇല്ലാത്ത പല അങ്കണവാടികൾക്കും RO പ്ലാന്റ് നൽകിയിട്ടുള്ളതായി കണ്ടു. ഇപ്രകാരം സിഡിപിഒ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, RO പ്ലാന്റ് കൈപ്പറ്റിയതുമായ ചില അങ്കണവാടികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സെന്റർ നം. | പേര് | പഞ്ചായത്ത് |
|---|---|---|---|
| 1 | 68 | പുളിമൂട് ജംഗ്ഷൻ | കരുവാറ്റ |
| 2 | 58 | വാരിം പള്ളിൽ | കരുവാറ്റ |
| 3 | 53 | ചക്കിട്ടയിൽ | കരുവാറ്റ |
| 4 | 59 | ഊട്ടുപറമ്പ് | കരുവാറ്റ |
| 5 | 77 | ജയഭാരത് ലൈബ്രറി | കരുവാറ്റ |
| 6 | 107 | പതിയാങ്കര | തൃക്കുന്നപ്പുഴ |
| 7 | 41 | പുതുക്കുണ്ടം | കാർത്തികപ്പള്ളി |

ഇതിൽ നിന്നും വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉള്ള അങ്കണവാടികളിൽ തന്നെയാണോ RO പ്ലാന്റ് സ്ഥാപിച്ചതെന്ന് വ്യക്തമല്ല.

2) ഈ പദ്ധതിയ്ക്കായി ആകെ ചെലവഴിച്ചത് 3,69,870/- രൂപയാണ്. ഇതിൽ 63,070/- രൂപ 53 അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കുന്നതിനായി വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ആവശ്യമായ ഫിറ്റിംഗ്സ് നടത്തിയതിന് ഏറ്റവും കുറഞ്ഞ നിരക്കായ ഒന്നിന് 1,284/- രൂപ കോട്ട് ചെയ്ത ഇതേ സ്ഥാപനത്തിന് 63,070/- രൂപയിൽ ലിമിറ്റ് ചെയ്ത് നൽകിയതാണ്. എന്നാൽ ഇപ്രകാരം പ്രവർത്തി നിർവ്വഹിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ഇല്ല.

3) RO പ്ലാന്റ് കൈപ്പറ്റിയതായി കാണിച്ച് വിവിധ അങ്കണവാടി ജീവനക്കാരിൽ നിന്നും ലഭ്യമാക്കിയതും, ഫയലിൽ

സൂക്ഷിച്ചിട്ടുള്ളതുമായ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ ആകെ 51 അങ്കണവാടികൾ മാത്രമെ RO പ്ലാന്റ് കൈപ്പറ്റിയിട്ടുള്ളൂ. ഒരു അങ്കണവാടിയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

4) ഈ പദ്ധതി പ്രകാരം RO പ്ലാന്റ് കൈപ്പറ്റിയ അങ്കണവാടികളിൽ വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉറപ്പാക്കിയിരുന്നോയെന്നും വ്യക്തമല്ല.

5) 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. അതനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും 7,397/- രൂപ (369870 X 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല.ഇവയെല്ലാം നിലവിൽ പ്രവർത്തന സജ്ജമാണോയെന്നും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടും മറ്റ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും സെക്രട്ടറിക്കും സിഡിപിഒ ക്കും നൽകിയ എൻക്വയറിക്ക് (11 /19- 20) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ഒരു RO പ്ലാന്റിന്റെ വിലയിനത്തിലുള്ള 5,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആദായ നികുതി ഇനത്തിൽ ഈടാക്കാതിരുന്ന 7,397/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. അപാകതകൾക്ക് വിശദമായ അന്വേഷണം നടത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ചെലവ് വിവരം-

1) Rs-47,200/- ബിൽ നം.48/19-20; Dt.23.03.20
2) Rs-47,200/- ബിൽ നം.49/19-20; Dt.23.03.20
3) Rs-47,200/- ബിൽ നം.50/19-20; Dt.23.03.20
4) Rs-47,200/- ബിൽ നം.51/19-20; Dt.23.03.20
5) Rs-47,200/- ബിൽ നം.52/19-20; Dt.23.03.20
6) Rs-47,200/- ബിൽ നം.53/19-20; Dt.23.03.20
7) Rs-36,890/- ബിൽ നം.54/19-20; Dt.23.03.20
8) Rs-23,600/- ബിൽ നം.55/19-20; Dt.23.03.20
9) Rs-26,180/- ബിൽ നം.56/19-20; Dt.24.03.20

## 1-25 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല-നഷ്ടം-12,232/-

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം പൂർത്തിയാക്കിയ പ്രവർത്തിയിൽ, ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ 51-ാം നമ്പർ അംഗനവാടി നിർമ്മാണം നിർമ്മാണം-പ്രൊജക്ട് നം.എസ്സ്.-0061/19

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ - | മുഹമ്മദ് ഇസ്മയിൽ |
| എഗ്രിമെന്റ് നം. | 8/AEE/LSGD/2018-19, Dt.04.09.2018 |
| ബിൽ നം., തീയതി, തുക | Rs-4,29,248/-ബിൽ നം.8/19-20, Dt.18.07.19 (ഫൈനൽ ബിൽ) |
| PAC | 12,23,283/- |
| M Book | 1)11/AE//18-19; 2)11(a)/AE//18-19 |
| പൂർത്തീകരണ കാലാവധി | 8 മാസം. |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 03.05.19 |
| പൂർത്തീകരിച്ച തീയതി | 06.06.19 |
| ഈടാക്കേണ്ട പിഴ | 06.06.19 വരെ – 1%-1223283x1%= Rs-12,232/- |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/2019-20) ലഭ്യമാക്കിയ മറുപടിയിൽ അതിർത്തി

തർക്കം സംബന്ധിച്ച് തർക്കം ഉണ്ടായതിനാൽ വില്ലേജ് അധികൃതരുടെ സഹായത്തോടെ അത് പരിഹരിച്ചതിന് ശേഷം മാത്രമാണ് പ്രവർത്തി തുടങ്ങാനായതെന്നും, കരാറുകാരന്റേതല്ലാത്ത കാരണത്താലാണ് കാലതാമസം നേരിട്ടതെന്നമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകുവാനാവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. നീട്ടി നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 12,232/-രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-26 പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് മേള ഉപകരണങ്ങൾ വാങ്ങി നൽകൽ-കേന്ദ്ര സർക്കാരിന് 3,150/- രൂപ നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ബ്ലോക്ക് പരിധിയിലുള്ള പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് മേള ഉപകരണങ്ങൾ വാങ്ങി നൽകൽ. ഈ പദ്ധതി പ്രകാരം കുമാരപുരം ഗ്രാമ പഞ്ചായത്തിലെ നരസിംഹം ആർട്സ് & സ്പോർട്സ് ക്ലബ്ബിലെ യുവാക്കൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്റ്റാർ ബ്രദേഴ്സ് ശിങ്കാരി മേളം, കുളപ്പാടം, നെടുമ്പന, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 1,57,500/- രൂപ വിലയുള്ള 6ചെണ്ട, 6 വീക്ക് ചെണ്ട, 3 ഇലത്താളം എന്നിവ വാങ്ങി നൽകുകയുണ്ടായി.

നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്റ്റാർ ബ്രദേഴ്സ് ശിങ്കാരി മേളം, കുളപ്പാടം, നെടുമ്പന, കൊല്ലം എന്ന സ്ഥാപനം മാത്രമാണ്, സ്ഥാപനത്തിന്റെ പ്രിന്റ് ചെയ്ത ലെറ്റർ പാഡിൽ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. ബാക്കിയുള്ള രണ്ട് സ്ഥാപനങ്ങളും വെള്ള പേപ്പറിൽ, സ്ഥലമോ, തീയതിയോ പോലും രേഖപ്പെടുത്താത്ത, ക്വട്ടേഷനുകളാണ് സമർപ്പിച്ചിട്ടുള്ളത്.
2) വാദ്യോപകരണങ്ങൾ വിതരണം നടത്തിയ സ്ഥാപനം ആയതിന്റെ വിലയിനത്തിൽ തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളത്, വെള്ള പേപ്പറിൽ പ്രിന്റ് ചെയ്ത് എടുത്ത, ജിഎസ്ടി നമ്പരോ, തീയതിയോ പോലും രേഖപ്പെടുത്താത്ത ഒരു ബില്ലാണ്.
3) 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. അതനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും 3,150/- രൂപ (157500 X 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിനും, മറ്റ് അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ തുക കുറവ് ചെയ്യാതിരുന്നത് മൂലം അധികം നൽകിയ തുക ടി സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.
ചെലവ് വിവരം-
1)Rs-49,350/- ബിൽ നം.57/19-20; Dt.24.03.20
2)Rs-45,675/- ബിൽ നം.58/19-20; Dt.24.03.20
3)Rs-45,575/- ബിൽ നം.60/19-20; Dt.24.03.20
4)Rs-16,900/- ചെക്ക് നം.2856517; Dt.30.03.20 (തനത് ഫണ്ട്)
ആകെ-1,57,500/-

## 1-27 ലൈഫ് ഭവന പദ്ധതി (ജനറൽ)-വിനിയോഗ രേഖകളില്ല- തടസ്സം - 80,47,000/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി (ജനറൽ)- പ്രൊജക്ട് നം.07/20- എന്ന പദ്ധതിയുടെ അടങ്കൽ 80,47,000/- രൂപയായിരുന്നു. ഈ തുകയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| തുക, ബിൽ നം., തീയതി | ഓരോ ഗ്രാമ പഞ്ചായത്തിനും ലഭിച്ച തുക |
|---|---|
| Rs-725266/-, 6/19-20; Dt.23.07.19 | കരുവാറ്റ - 3,45,365/- |

| | |
|---|---|
| | കാർത്തികപ്പള്ളി- 1,15,121/- |
| | പള്ളിപ്പാട് - 2,64,780/- |
| Rs-1000000/-, 7/19-20; Dt.23.07.19 | തൃക്കുന്നപ്പുഴ |
| Rs-1000000/-, 8/19-20; Dt.23.07.19 | കുമാരപുരം |
| Rs-667705/-, 9/19-20; Dt.23.07.19 | ചെറുതന –Rs- 4,37,462/- |
| | വീയപുരം –Rs- 2,30,243/- |
| Rs-1000000/-, 13/19-20; Dt.14.08.19 | തൃക്കുന്നപ്പുഴ |
| Rs-1000000/-, 14/19-20; Dt.30.07.19 | കുമാരപുരം |
| Rs-654029/-, 21/19-20;dt.26.08.19 | കരുവാറ്റ |
| Rs-1000000/-, 17/19-20; Dt.24.08.19 | തൃക്കുന്നപ്പുഴ |
| Rs-1000000/-, 18/19-20; Dt.24.08.19 | കുമാരപുരം |

1. മേൽ സൂചിപ്പിച്ച പ്രകാരം നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
2. ട്രഷറി ബിൽബുക്ക് പ്രകാരം 80,47,000/- രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 84,32,971/- രൂപയാണ്. വ്യത്യാസം 3,85,971/-രൂപ. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കുന്നത് വരെ 80,47,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ചെലവിലെ വ്യത്യാസവും വിശദീകരിക്കേണ്ടതാണ്.

### 1-28 ലൈഫ് ഭവന പദ്ധതി -(എസ്‌സിപി)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തടസ്സം 10,00,000/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി ( SCP)- പ്രൊജക്റ്റ് നം.0008/20- എന്ന പദ്ധതിയുടെ അടങ്കൽ 21,91,800/- രൂപയായിരുന്നു. ഈ തുകയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| തുക, ബിൽ നം., തീയതി | ഓരോ ഗ്രാമ പഞ്ചായത്തിനും ലഭിച്ച തുക |
|---|---|
| Rs-500000/-, 15/19-20; Dt.30.07.19 | വീയപുരം |
| Rs-500000/-, 16/19-20; Dt.30.07.19 | തൃക്കുന്നപ്പുഴ |

1. മേൽ സൂചിപ്പിച്ച പ്രകാരം നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
2. ട്രഷറി ബിൽബുക്ക് പ്രകാരം 10,00,000/- രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 11,13,118/- രൂപയാണ്. വ്യത്യാസം 1,13,118/-രൂപ. വിനിയോഗ സാക്ഷ്യപത്രവും, ചെലവിലെ വ്യതിയാനത്തിന്റെ കാരണവും വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16 /19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ചെലവിലെ വ്യത്യാസവും വിശദീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2 വരവ് നിരീക്ഷണങ്ങൾ

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,140/-രൂപ അധികം നൽകി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി)നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ ( പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയുമാണ് ചെയ്തത്.

| തീയതി | പത്രത്തിന്റെ പേര് | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ഈടാക്കിയ തുക | അനുവദനീയമായ ഡിസ്കൗണ്ട @15% | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| | | വീതി | നീളം | | | | |
| 30.08.19 | വീക്ഷണം | 10 Cm | | 300 | 3,000 | 450 | 2303600/ 25.09.10 |
| 25.08.19 | വീക്ഷണം | 10 Cm | | 460 | 4,600 | 690 | |
| | | | | | | 1140 | |

ഒരേ മാസം ദിവസങ്ങളുടെ വ്യത്യാസത്തിൽ നൽകിയ പരസ്യങ്ങൾക്ക് രണ്ട് നിരക്കാണ് ഈടാക്കിയിരിയ്ക്കുന്നത്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/15.05.22 ന് മറുപടി ലഭ്യമാക്കിയില്ല, അധികമായി നൽകിയ 1,140 രൂപ പത്ര സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-2 പത്രപ്പരസ്യം നിർദ്ദിഷ്ട വിൻഡോ മാതൃകയിലല്ല- 2,923 രൂപ അധികം നൽകി

2019-20 സാമ്പത്തിക വർഷങ്ങളിലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല. ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cmx3cm)=24 Cm2വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/ 04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ടെൻഡർ, വാങ്ങലുകൾ എന്നിവയ്ക്കായി നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. 2019-20 സാമ്പത്തിക വർഷം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് മാതൃഭൂമി പത്രത്തിൽ നൽകിയ ടെൻഡർ പരസ്യം ഗവ.നിർദ്ദേശാനുസൃതമല്ലായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് | വൌച്ചർ നമ്പർ | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 03.03.19 | മാതൃഭൂമി | ഹരിപ്പാട് ബ്ലോക്കിന് കീഴിലുള്ള വിവിധ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് | 32sq Cm | 240 | 8064 (Sgst-192 Cgst-192) | 3x8=24cm @240 =5760/- 15% ഡിസ്കൗണ്ട് = 864 5760-864= 4896 +5%ടാക്സ് 4896+245 =5141 | 2923 | ഇല്ല | 2303588/ 18-05/19 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/19-20/18.05.22 ന് മറുപടി നൽകിയിട്ടില്ല. അധികമായി നൽകിയ 2,924/-രൂപ നിർദ്ദിഷ്ട പത്ര സ്ഥാപനത്തിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് ഓഫീസ് നിർമ്മാണം - അപാകതകൾ- നഷ്ടം-2,917/- രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം (പ്രൊ.നം.S-0040/19) എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിശ്ചിത തീയതിക്കുള്ളിൽ കരാർ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല –

2012 ലെ കേരള പിഡബ്ല്യ.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ ഈ പ്രവർത്തിയിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാറുകാരൻ കരാർ വെച്ചിട്ടില്ലായെന്ന് കണ്ടു. ടിയാനിൽ നിന്നും ഫൈൻ ഈടാക്കിയതായും കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

സെലക്ഷൻ നോട്ടീസിലെ തീയതി – 30.11.18
സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെയ്ക്കേണ്ട തീയതി - 14.12.19
PAC –291712/-
Agt.No.-21/EE/LSGD/18-19, Dt.16.01.19
കരാറുകാരൻ -വിനോദ് വി.

കരാർ വെച്ച തീയതി -16.01.19
ചെലവ് വിവരം – Rs 2,91,712/- ചെക്ക് നം.XY-2303970, Dt.29.01.20
MB-No. 22/18-19
ഈടാക്കേണ്ട ഫൈൻ - 2,917/- രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/2019-20) ലഭ്യമാക്കിയ മറുപടിയിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതിന് ശേഷം കരാറുകാരന് ചില ശാരീരിക ബുദ്ധിമുട്ട് ഉണ്ടായത് മൂലമാണ് യഥാസമയം കരാർ വെയ്ക്കാൻ കഴിയാതിരുന്നതെന്നും, ഫൈൻ ഈടാക്കിയാൽ ടിയാൻ പ്രവർത്തി ഉപേക്ഷിക്കുമായിരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പിഡബ്ല്യഡി മാനുവൽ പ്രകാരം യഥാസമയം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കണം എന്ന് വ്യക്തമാക്കിയിരിക്കെ ആയത് ഈടാക്കാതിരുന്നതിന് ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ

ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-4 പടന്നയിൽ കൊച്ചുപുഴ റോഡ് നിർമ്മാണം അപാകതകൾ - നഷ്ടം-3,112/-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്- 13-ാം വാർഡ്-പടന്നയിൽ കൊച്ചുപുഴ റോഡ് - (പ്രൊ.നം.S-0066/19) എന്ന മരാമത്ത് പ്രവർത്തിയുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കരാറുകാരൻ -മനോഹരൻ

ചെലവ് വിവരം – Rs 3,99,181/- ബിൽ നം.10/20-21, Dt.18.07.19

MB-No.20/AE/18-19

1.കൺസോളിഡേഷൻ കുറവ് ചെയ്തില്ല-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 12 ൽ എക്സ്ട്രാ ഇനം 1 ആയി 23.10 M3 ഗ്രാവൽ ഉപയോഗിച്ച് റോഡിന്റെ വശങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ആയതിന് എം3 ന് 916.02 രൂപ നിരക്കിൽ 21,160/-രൂപ മൂല്യം നിർണ്ണയിച്ച് നൽകി.10% കൺസോളിഡേഷൻ കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവും തുകയും ചുവടെ ചേർക്കുന്നു.

23.10 M3-2.31m3 = 20.79m3 X 916.02 = 19,044/-രൂപ

അധികം നൽകിയത് = 21160 –19044 = 2,116/- രൂപ

2.ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല--

ടാറിംഗ് പ്രവൃത്തികൾക്ക് 7% പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ഈ പ്രവർത്തിയിൽ, കരാറുകാരൻ പൊടിച്ച പ്ലാസ്റ്റിക് വാങ്ങിയതിന്റെ രസീത് ഹാജരാക്കുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. മറ്റ് ചില പ്രവർത്തികളിൽ ഹരിപ്പാട് നഗരസഭയിൽനിന്നും ഹരിത കർമ്മ സേന മുഖേന കിലോഗ്രാമിന് 25/- രൂപ നിരക്കിൽ ആണ് പൊടിച്ച പ്ലാസ്റ്റിക് വാങ്ങി പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച പ്ലാസ്റ്റികിന്റെ അളവ്./ അളവുപുസ്തകം | ഈടാക്കേണ്ടിയിരുന്ന തുക (@25/kg) |
|---|---|
| 39.85 കി.ഗ്രാം (390m2 X1.46kg/m2=569.40kg; X7/100=39.85kg.) | 996/-രൂപ |
| ആകെ | 996/-രൂപ |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/2019-20) ലഭ്യമാക്കിയ മറുപടിയിൽ ടാറിംഗ് പ്രവർത്തികൾക്കുള്ള റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ ഉറപ്പാക്കിയതിന് ശേഷമാണ് ഈ ഇനത്തിന്റെ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുള്ളതെന്നാണ്. പ്രീമെഷർമെന്റ് ആയി അളവു രേഖപ്പെടുത്തുന്ന പ്രവർത്തിയിൽ കൺസോളിഡേഷന് ശേഷമുള്ള അളവാണ് രേഖപ്പെടുത്തുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് സംബന്ധിച്ച മറുപടിയിൽ മേൽ പ്രവർത്തിക്ക് പൊടിച്ച പ്ലാസ്റ്റിക്ക് ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി മറുപടിയും അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 3,112/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 പൊളിച്ചു മാറ്റിയ പാറ പുനരുപയോഗിച്ചില്ല -നഷ്ടം-2243/-രൂപ

പ്രവർത്തിയുടെ പേര് – തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് –W-2- പുത്തൻ തോപ്പിന് കിഴക്ക് വശം കൾവർട്ട് നിർമ്മാണം-(എസ്സ്-0065/19)

അളവുപുസ്തകം നം.-16/AE/18-19

ചെലവ് വിവരം-ബിൽ നം. 01/19-20,10-05-19, Rs-559447/-രൂപ

കരാറുകാരൻ - മുരളി കെ.

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 3 ൽ 18-ാം ഇനമായി ആയി പഴയ സംരക്ഷണ ഭിത്തി പൊളിച്ച് മാറ്റിയിട്ടുണ്ട്. 5.40m3 പാറ ഇതിലൂടെ ലഭിച്ചതായി പേജ് 4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൾവർട്ടിന്റെ ഫൌണ്ടേഷനും സംരക്ഷണ ഭിത്തിയുടെ സൂപ്പർ സ്ട്രക്ചർ നിർമ്മാണത്തിനുമായി യഥാക്രമം പേജ് 26 ൽ 10.044m3 പാറയും പേജ് 27 ൽ 7.098m3 പാറയും ഉൾപ്പെടെ ആകെ 17.134m3 പാറ ഉപയോഗിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് അളവായ 16.92m3 ൽ ലിമിറ്റ് ചെയ്ത് M3 ന് 2,973/- രൂപ നിരക്കിൽ 50,303/-രൂപ മൂല്യം നിർണ്ണയിച്ച് നൽകി. മറുപടിയിൽ രേഖപ്പെടുത്തിയ പ്രകാരം പൊളിച്ച് മാറ്റിയ പാറയുടെ 50% എങ്കിലും വിനിയോഗയോഗ്യമാണെന്നിരിക്കെ, ആയത് ഉപയോഗിക്കാതിരുന്നത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

DR മേസനറിക്ക് M3 ന് നൽകിയിട്ടുള്ള 2,973/-രൂപ എന്ന നിരക്കിൽ ഉൾപ്പെട്ടിട്ടുള്ള 1 M3 പാറയുടെ വില = 865/- രൂപപൊളിച്ച് മാറ്റിയ അളവായ 5.40m3 അളവിൽ നിന്നും എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്തതിന് ശേഷമുള്ള അളവ് = 5.186 M3 (17.134 -16.92=0.214m3; (5.40m3-0.214m3=5.186m3))

അധികം നൽകിയ തുക – 5.186 M3 X1/2 X865/-m3 = 2,243/-രൂപ

അധികം തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(10/19-20) ലഭ്യമാക്കിയ മറുപടിയിൽ പൊളിച്ച് മാറ്റിയ പാറയുടെ ഏകദേശം 50% മാത്രമെ ഉപയോഗയോഗ്യമായ പാറ ലഭിക്കുകയുള്ളുവെന്നും, ഇങ്ങനെ ലഭിച്ചവ ഫൌണ്ടേഷൻ ലെവലിംഗിനായും, പൊതുജനങ്ങൾക്ക് താൽക്കാലികമായി ഉണ്ടാക്കിയ വഴിയിൽ നിരത്തുന്നതിനും ഉപയോഗിക്കുകയുണ്ടായി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പൊളിച്ച് മാറ്റിയതിലൂടെ ലഭിച്ച പാറയുടെ വിനിയോഗം അളവ് പുസ്തകത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് -W-9-അമ്മൂമ്മ ക്ഷേത്രത്തിന്റെ കിഴക്കുവശം വടക്കേപ്പുറമ്പിൽ കാണ നിർമ്മാണം-അപാകതകൾ- നഷ്ടം-45,098/-രൂപ

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

കരാറുകാരൻ- മുരളി കെ.

ചെലവ് വിവരം – Rs-559447/-, ബിൽ നം.1/19-20, Dt.10.05.19

2.അനുവദനീയമായ അളവിലും കൂടിയ കനത്തിൽ കാണയുടെ ബെഡ് കോൺക്രീറ്റിംഗ് നടത്തി-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ്-1, ഇനം-1 ആയി കാണ നിർമ്മാണത്തിനായി 90 നീളത്തിലും 0.75cm. വീതിയിലും 0.85cm.കനത്തിലും എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിട്ടുണ്ട്. ഇതിന് മുകളിൽ ഇനം 2 ആയി 0.15 Cm.കനത്തിൽ 1:3:6 അനുപാതത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. 10 Cm.ബെഡ് കോൺക്രീറ്റിന് മുകളിൽ സാധാരണ ഗതിയിൽ, കാണയുടെ സൈഡ് വാളിന്റെ കനം ഒഴിവാക്കിയതിന് ശേഷമുള്ള ഉള്ളളവ് വീതിയിൽ 1:2:4 അനുപാതത്തിൽ 0.05 Cm. കനത്തിൽ വെയറിംഗ് കോട്ട് നൽകിയാൽ മതിയാകും. എന്നാൽ ഈ പ്രവർത്തിയിൽ 0.15 Cm.കനത്തിൽ ബെഡ് കോൺക്രീറ്റ് നടത്തിയതിന് മുകളിൽ വീണ്ടും ഇതേ നീളത്തിലും, വീതിയിലും 0.10 Cm.കനത്തിൽ 1:2.5:5 അനുപാതത്തിൽ വീണ്ടും കോൺക്രീറ്റ് ചെയ്തത് മൂലം (പേജ്-3, ഇനം-4)അധിക ചെലവുണ്ടായി.ഈ പ്രവർത്തിയിൽ 4.10 മീറ്റർ നീളത്തിൽ ക്രോസ്സ് ഡ്രെയിൻ നിർമ്മാണത്തിന് 10 Cm.കനത്തിൽ രണ്ടാമതും നൽകിയ കോൺക്രീറ്റിന് അനുവദിച്ച 0.287m3 അളവ് ഒഴിവാക്കിയതിന് ശേഷം അധികം നിർവ്വഹിച്ച പ്രവർത്തിയുടെ അളവും, നൽകിയ തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1x30x0.70 X0.10 | = 2.10m3 |
| 1x30x0.70 X0.10 | = 2.10m3 |
| 1x30.50x0.70 X0.10 | = 2.135m3 |
| ആകെ | = 6.335m3 |

അധികം നൽകിയ തുക – 6.335m3 X 7118,91/m3 = 45,098/-രൂപ

എൻക്വയറിക്ക് (5/2019-20) ലഭ്യമാക്കിയ മറുപടിയിൽ, മേൽ റോഡിന് വീതി കുറവുള്ളതിനാൽ, ഭാവിയിൽ ചില അവസരങ്ങളിൽ കാണയുടെ സ്ലാബിന് മുകളിൽ കൂടി ടയർ പ്രഷർ ഉണ്ടാവാനുള്ള സാഹചര്യം കണക്കാക്കി അതിനനുയോജ്യമായ രീതിയിലുള്ള ഫൌണ്ടേഷനാണ് നൽകിയിട്ടുള്ളതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലൊന്നും തന്നെ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 വിവിധ അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ (S- 0065/20) - അപാകതകൾ- കേന്ദ്രഫണ്ടിന് നഷ്ടം- 7,397/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലെ അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ (RO പ്ലാന്റ്- RO+uf-8 Litres –With Carbon & Sediments). പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബി ടു ബി, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ടി സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 5,900/- രൂപ നിരക്കിൽ 52 RO പ്ലാന്റുകൾ വാങ്ങിയിട്ടുണ്ട്. നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി RO പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉള്ള അങ്കണവാടികളുടെ ലിസ്റ്റ് നൽകണമെന്നാവശ്യപ്പെട്ട് 15.10.19 ൽ സെക്രട്ടറി, സിഡിപിഒ ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് 26/10/19 ൽ സിഡിപിഒ നൽകിയ മറുപടിയോടൊപ്പം വിവിധ പഞ്ചായത്തുകളിലായി വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉള്ള 56 അങ്കണവാടികളുടെ ലിസ്റ്റ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ RO പ്ലാന്റ് കൈപ്പറ്റിയതായി കാണിച്ച് വിവിധ അങ്കണവാടി ജീവനക്കാരിൽ നിന്നും ലഭ്യമാക്കിയതും, ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമായ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ ഈ ലിസ്റ്റിൽ ഇല്ലാത്ത പല അങ്കണവാടികൾക്കും RO പ്ലാന്റ് നൽകിയിട്ടുള്ളതായി കണ്ടു. ഇപ്രകാരം സിഡിപിഒ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, RO പ്ലാന്റ് കൈപ്പറ്റിയതുമായ ചില അങ്കണവാടികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സെന്റർ നം. | പേര് | പഞ്ചായത്ത് |
|---|---|---|---|
| 1 | 68 | പുളിമൂട് ജംഗ്ഷൻ | കരുവാറ്റ |
| 2 | 58 | വാരിം പള്ളിൽ | കരുവാറ്റ |
| 3 | 53 | ചക്കിട്ടയിൽ | കരുവാറ്റ |
| 4 | 59 | ഊട്ടുപറമ്പ് | കരുവാറ്റ |
| 5 | 77 | ജയഭാരത് ലൈബ്രറി | കരുവാറ്റ |
| 6 | 107 | പതിയാങ്കര | തൃക്കുന്നപ്പുഴ |
| 7 | 41 | പുതുക്കുണ്ടം | കാർത്തികപ്പള്ളി |

ഇതിൽ നിന്നും വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉള്ള അങ്കണവാടികളിൽ തന്നെയാണോ RO പ്ലാന്റ് സ്ഥാപിച്ചതെന്ന് വ്യക്തമല്ല.

2) ഈ പദ്ധതിക്കായി ആകെ ചെലവഴിച്ചത് 3,69,870/- രൂപയാണ്. ഇതിൽ 63,070/- രൂപ 53 അങ്കണവാടികളിൽ RO പ്ലാന്റ് സ്ഥാപിക്കുന്നതിനായി വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ആവശ്യമായ ഫിറ്റിംഗ്സ് നടത്തിയതിന് ഏറ്റവും കുറഞ്ഞ നിരക്കായ ഒന്നിന് 1,284/- രൂപ ക്വോട്ട് ചെയ്ത ഇതേ സ്ഥാപനത്തിന് 63,070/- രൂപയിൽ ലിമിറ്റ് ചെയ്ത് നൽകിയതാണ്. എന്നാൽ ഇപ്രകാരം പ്രവർത്തി നിർവ്വഹിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ഇല്ല.

3) RO പ്ലാന്റ് കൈപ്പറ്റിയതായി കാണിച്ച് വിവിധ അങ്കണവാടി ജീവനക്കാരിൽ നിന്നും ലഭ്യമാക്കിയതും, ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമായ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ ആകെ 51 അങ്കണവാടികൾ മാത്രമെ RO പ്ലാന്റ് കൈപ്പറ്റിയിട്ടുള്ളു. ഒരു അങ്കണവാടിയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

4) ഈ പദ്ധതി പ്രകാരം RO പ്ലാന്റ് കൈപ്പറ്റിയ അങ്കണവാടികളിൽ വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ഉറപ്പാക്കിയിരുന്നോയെന്നും വ്യക്തമല്ല.

5) 1961 ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. അതനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും 7,397/- രൂപ (369870 X 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇവയെല്ലാം നിലവിൽ പ്രവർത്തന സജ്ജമാണോയെന്നും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടും മറ്റ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും സെക്രട്ടറിക്കും സിഡിപിഒ ക്കും നൽകിയ എൻക്വയറിക്ക് (11 /19- 20) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ഒരു RO പ്ലാന്റിന്റെ വിലയിനത്തിലുള്ള 5,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആദായ നികുതി ഇനത്തിൽ ഈടാക്കാതിരുന്ന 7,397/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. അപാകതകൾക്ക് വിശദമായ അന്വേഷണം നടത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ചെലവ് വിവരം-

1) Rs-47,200/- ബിൽ നം.48/19-20; Dt.23.03.20

2) Rs-47,200/- ബിൽ നം.49/19-20; Dt.23.03.20
3) Rs-47,200/- ബിൽ നം.50/19-20; Dt.23.03.20
4) Rs-47,200/- ബിൽ നം.51/19-20; Dt.23.03.20
5) Rs-47,200/- ബിൽ നം.52/19-20; Dt.23.03.20
6) Rs-47,200/- ബിൽ നം.53/19-20; Dt.23.03.20
7) Rs-36,890/- ബിൽ നം.54/19-20; Dt.23.03.20
8) Rs-23,600/- ബിൽ നം.55/19-20; Dt.23.03.20
9) Rs-26,180/- ബിൽ നം.56/19-20; Dt.24.03.20

## 3-8 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല-നഷ്ടം-12,232/-

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ(പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം പൂർത്തിയാക്കിയ പ്രവർത്തിയിൽ, ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ 51-ാം നമ്പർ അങ്കണവാടി നിർമ്മാണം നിർമ്മാണം-പ്രോജക്റ്റ് നം.എസ്സ്.-0061/19

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ - | മുഹമ്മദ് ഇസ്മയിൽ |
| എഗ്രിമെന്റ് നം. | 8/AEE/LSGD/2018-19, Dt.04.09.2018 |
| ബിൽ നം, തീയതി, തുക | Rs-429248/-ബിൽ നം.8/19-20, Dt.18.07.19 (ഫൈനൽ ബിൽ) |
| PAC | 12,23,283/- |
| M Book | 1)11/AE//18-19; 2)11(a)/AE//18-19 |
| പൂർത്തീകരണ കാലാവധി | 8 മാസം. |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 03.05.19 |
| പൂർത്തീകരിച്ച തീയതി | 06.06.19 |
| ഈടാക്കേണ്ട പിഴ | 06.06.19 വരെ – 1%-1223283x1%= Rs-12,232/- |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/2019-20) ലഭ്യമാക്കിയ മറുപടിയിൽ അതിർത്തി തർക്കം സംബന്ധിച്ച് തർക്കം ഉണ്ടായതിനാൽ വില്ലേജ് അധികൃതരുടെ സഹായത്തോടെ അത് പരിഹരിച്ചതിന് ശേഷം മാത്രമാണ് പ്രവർത്തി തുടങ്ങാനായതെന്നും, കരാറുകാരന്റേതല്ലാത്ത കാരണത്താലാണ് കാലതാമസം നേരിട്ടതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകുവാനാവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. നീട്ടി നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 12,232/-രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-9 പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് മേള ഉപകരണങ്ങൾ വാങ്ങി നൽകൽ-കേന്ദ്ര സർക്കാരിന് 3,150/- രൂപ നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ബ്ലോക്ക് പരിധിയിലുള്ള പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് മേള ഉപകരണങ്ങൾ വാങ്ങി നൽകൽ. ഈ പദ്ധതി പ്രകാരം കുമാരപുരം ഗ്രാമ പഞ്ചായത്തിലെ നരസിംഹം ആർട്സ് & സ്പോർട്സ് ക്ലബ്ബിലെ യുവാക്കൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്റ്റാർ ബ്രദേഴ്സ് ശിങ്കാരി മേളം, കുളപ്പാടം, നെടുമ്പന, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 1,57,500/- രൂപ വിലയുള്ള 6 ചെണ്ട, 6 വീക്ക് ചെണ്ട, 3 ഇലത്താളം എന്നിവ വാങ്ങി

നൽകുകയുണ്ടായി.

നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്റ്റാർ ബ്രദേഴ്സ് ശിങ്കാരി മേളം, കളപ്പാടം, നെടുമ്പന, കൊല്ലം എന്ന സ്ഥാപനം മാത്രമാണ്, സ്ഥാപനത്തിന്റെ പ്രിന്റ് ചെയ്ത ലെറ്റർ പാഡിൽ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. ബാക്കിയുള്ള രണ്ട് സ്ഥാപനങ്ങളും വെള്ള പേപ്പറിൽ, സ്ഥലമോ, തീയതിയോ പോലും രേഖപ്പെടുത്താത്ത, ക്വട്ടേഷനുകളാണ് സമർപ്പിച്ചിട്ടുള്ളത്.
2) വാദ്യോപകരണങ്ങൾ വിതരണം നടത്തിയ സ്ഥാപനം ആയതിന്റെ വിലയിനത്തിൽ തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളത്, വെള്ള പേപ്പറിൽ പ്രിന്റ് ചെയ്ത് എടുത്ത, ജിഎസ്ടി നമ്പരോ, തീയതിയോ പോലും രേഖപ്പെടുത്താത്ത ഒരു ബില്ലാണ്.
3) 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. അതനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും 3,150/- രൂപ (157500 X 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിനും, മറ്റ് അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ തുക കുറവ് ചെയ്യാതിരുന്നത് മൂലം അധികം നൽകിയ തുക ടി സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ചെലവ് വിവരം-
1)Rs-49,350/- ബിൽ നം.57/19-20; Dt.24.03.20
2)Rs-45,675/- ബിൽ നം.58/19-20; Dt.24.03.20
3)Rs-45,575/- ബിൽ നം.60/19-20; Dt.24.03.20
4)Rs-16,900/- ചെക്ക് നം.2856517; Dt.30.03.20 (തനത് ഫണ്ട്)
ആകെ-1,57,500/-

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,63,680/- | ക്ലീൻ കേരള മിഷൻ | 1,63,680/- | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി കുമാരപുരം സർവ്വീസ് സഹകരണ ബാങ്ക് – 2147 | GO (P)No.207/2009 /LSGD. Dt.07.01.2009 | 94,14,571 | 22,44,304 | | 8,11,150 | | 14,33,154 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-13 | 2007-08 | 3-30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനർ മുഖേന വേലകൾ നിർവ്വഹിച്ചു. | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,12,52,810 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,52,63,509 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57,433.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 94,43,017.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 -1 | | 1,140/- | ശ്രീ.എസ്.ദീപു, സെക്രട്ടറി. |

| | | | |
|---|---|---|---|
| 3 -2 | - | 2,923/- | ശ്രീ.ശ്രീജിത്ത് ജി.പി., സെക്രട്ടറി |
| 3 -3 | - | 2,917/- | ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ |
| 3 -4 | | 3,112/- | ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എൻജിനീയർ |
| 3 -5 | | 2,243/- | ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എൻജിനീയർ |
| 3 -6(2) | | 45,098/- | ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 57,433/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,49,400 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-15 | 37,275 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-17 | 48,442 | ശ്രീമതി ഐറിൻ ഗോമസ്, സെക്രട്ടറി |
| 1-18 | 1,55,000 | ശ്രീമതി യു.ശ്രീരശ്മി, പട്ടികജാതി വികസന ഓഫീസർ |
| 1-24 | 5,900 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-27 | 80,47,000 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-28 | 10,00,000 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| ആകെ | 94,43,017 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3 -7 | 7,397 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 3 -9 | 3,150 | ശ്രീ.എസ്.ദീപു, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി യു.ശ്രീരശ്മി, പട്ടികജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ, വർക്കല ബ്ലോക്ക് പഞ്ചായത്ത് | വെൺകുളത്ത് മൂല, വെസ്റ്റ് ഓഫ് റെയിൽവേ സ്റ്റേഷൻ, കഴക്കൂട്ടം |
| ശ്രീ.എസ്.ദീപു, സെക്രട്ടറി | അസ്സി.ഗ്രേഡ്, ലെജിസ്ലേച്ചർ, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | പുത്തൻ വീട്ടിൽചോലയിൽ, പന്മന, ചവറ, കൊല്ലം |
| ശ്രീ.ശ്രീജിത്ത് ജി.പി., സെക്രട്ടറി | അസ്സി.പ്രൊജക്ട് ഓഫീസർ, പി& എം,പിഎയു, ആലപ്പുഴ | ഗീതാ നിവാസ്, കരുവാറ്റ, ആലപ്പുഴ |
| ശ്രീ.ശരവണേശ്വർ എൽ.ആർ., അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, റീബിൽഡ് കേരള, കോട്ടയം | ലക്ഷ്മിപുരം ഹൌസ്, പള്ളം പി.ഒ., കോട്ടയം. |
| ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ | വിരമിച്ചു. | അയനം, അകംകുടി പി.ഒ., നങ്ങ്യാർകുളങ്ങര, ആലപ്പുഴ |
| ശ്രീമതി ഐറിൻ ഗോമസ്, സെക്രട്ടറി | വിരമിച്ചു. | തൈപ്പറമ്പിൽ, സീവ്യൂ വാർഡ്, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2003-04 മുതൽ 2008-09 വരെ | എൽ.എഫ്.ജി.എ5/ ബി.പി.അദാലത്ത് 26(78) |
| 2009-10 | എൽ.എഫ്.ജി.ബി.പി.1770/11/31.05.12/13.08.12 |

| | |
|---|---|
| 2010-11 & 2011-12 | എൽ.എഫ്.ജി.ബി.പി 1084/13/21.10.13 |
| 2012-13 | കെ.എസ്.എ.എ.പി.ഇസഡ് -ബി.പി 368/15/09.03.15/07.05.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/1054/2015/03.08.15/07.09.15 |
| 2014-15, 2015-16 | കെ.എസ്.എ.എ.എൽ.പി.ബി.പി.1163/16/16.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ബി.പി-1454/2017/05.12.17/08.12.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ബി.പി-1498/18തീയതി. 16.11.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-ബി.പി-1168/2019/27.02.2020 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്